


# e- വസന്തം

## St. John’s H S Elanad

e- വസന്തം

# എഡിറ്റോറിയൽ

കാലചക്രത്തിന്റെ ഗതി വേഗത്തിൽ പെട്ട് എങ്ങുമെത്താതെ ,

കിതച്ചെത്തുന്നവർ .

വിദൂരതയിലേക്ക് കണ്ണയച്ച സ്വപ്നം നെയ്ത കൂട്ടുന്നവർ .

വെളിച്ചം കാണാതെ മനസ്സിലെ തടവറയിൽ വീർപ്പു മുട്ടിയ സ്വപ്നങ്ങൾ

ഇവിടെ ചിറക വിരിക്കാൻ കൊതിക്കുകയാണ് .

മനസ്സിന്റെ ഏകാന്തതയ്ക്ക തുണയായെത്തിയ

സർഗ്ഗാത്മകതയെ വര്ണങ്ങളിലും വാക്കുകളിലും പകർത്താനുള്ള ഒരു എളിയ

ശ്രമം.

എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : ജിനോ ജോർജ് (Headmaster)

സ്റ്റുഡൻറ് എഡിറ്റർസ് : ആസ്സിം ഹുസൈൻ

ഗോപിക പി കെ

അനഘ എം എം

പ്രിയങ്ക കെ

കാർത്തിക സി

മാളവിക എ എസ്

അധ്യാപകർ : ഏലിയാസ് പോൾ

അലക്സ് പി രാജൻ

ശോഭ ആന്റോ

ഷീല വി നായർ

# Index

പ്രപഞ്ചം....28
"അമ്മ വിളക്ക്"....15
അമ്മ....7
ആത്മകഥ....20
ആരാണ് അവകാശി ?....12
ഇന്നെന്റെ ഭൂമിക്ക് ജീവനില്ല....11
ഓണം വന്നല്ലോ....9
കേരളം....17
ചന്ദ്രനെ പ്രണയിച്ച ചക്രവർത്തി....19
തിരിച്ചറിവ്....23
നന്ദി....29
പച്ചവിരിപ്പിട്ട പുൽപ്പാടം....13
മനുഷ്യൻ ഒരു സാഡിസ്റ്റാകുന്നു....10
മഴ നനഞ്ഞൊരെൻ ബാല്യം....16
മഴവില്ല്....8
മാമലനാട്....6
യുദ്ധം....14
വിദ്യാലയം....5

# വിദ്യാലയം



ആദ്യമായ് കണ്ടൊരു
പുണ്യാലയം
എൻ ഓർമകൾ തളിരിട്ട
സ്വപ്നാലയം
എൻ ജീവിതയാത്രതൻ
നന്മാലയം
അതിൽ പൂവിതൾ പോലൊരു
സൗഹൃതവും
കാരുണ്യം ചൊരിയുന്ന ദേവാലയം
സ്വാതന്ത്ര്യ മോതുന്ന ശുദ്ധാലയം
എൻ നൊമ്പരം മാറ്റുന്ന കരുണാലയം
അറിവിന്റെ അക്ഷരമൊതുന്നൊരാലയം
നന്മകൾ ചൊരിയുന്നോരെന്റെ വിദ്യാലയം

പ്രിയങ്ക .കെ

# മാമലനാട്

പച്ചയാം വിരിപ്പണിഞ്ഞ്

വയലുകൾ തിക്കും നാട്

വള്ളംകളിയുടെ നാട്

ഓണപ്പാട്ടുകൾ പാടും

കട്ടും പടലും തോറും

കലപില കൂട്ടും കിളികൾ

ചെണ്ട ചേങ്കില മേളം

കൊടിയേറും തിരുപ്പൂരം

തലയാട്ടും ഗജവീരൻ

തലയാട്ടും കേരങ്ങൾ

മലയിടുക്കുകളിലൂടെ

ഒഴുകിവരുന്ന നദികൾ

പൂരങ്ങളുടെ നാട്

നമ്മുടെ കേരളനാട്

നല്ലൊരു മാമലനാട്

പ്രിയങ്ക .കെ

# അമ്മ

അറിവിന്റെ മൗനത്തെ പുൽകിയുണർത്തു

ന്നറിവിന്റെ തിരിനാളമമ്മ

കണ്ണനീർ ചാലിച്ച മുത്തുകളെല്ലാം

പവിഴമായ് മാറ്റുന്നതമ്മ

എന്റെ ജീവിതശീണയിൽ

തംബുരു മീട്ടുന്ന ശ്രുതിലയ

എന്റെ ജീവന്റെ സത്യമാണമ്മ

പ്രിയങ്ക .കെ

# മഴവില്ല്

ഏഴ  നിറങ്ങൾ
ചേർന്നിടുന്നൊരു  സുന്ദര  മഴവില്ലേ
നിന്നുടെ വാസം
എവിടെയാണെന്ന് പറഞ്ഞിടു
എന്ന് നീലാകാശം മെല്ലെ കരുത്തു
തുടങ്ങുമ്പോൾ ഞാനോർക്കും
നിൻ നിഴലുകൾ പോലും കണ്ടില്ലല്ലോ
ഇന്നെന്തേ  നീ
പതിവില്ലാതെ  വേഗം വന്നല്ലോ
എന്തെല്ലാമോ നിന്നോടായി പറയാനുണ്ടല്ലോ
നിന്നെകണ്ടാൽ  പറയാനൊന്നും
കഴിയുന്നില്ലല്ലോ
നിന്നുടെ അഴകിൽ സ്തംഭിച്ച അങ്ങിനെ
ഞാനും നിന്നല്ലോ

കാർത്തിക .സി

# ഓണം വന്നല്ലോ

ഓണം വന്നോണം വന്നോണം വന്നു
നമ്മുടെ നാട്ടിലും ഓണം വന്നു
കുട്ടികളെല്ലാം ഒരുങ്ങി നിന്നു
മാവേലി മന്നന്റെ വരവും കാത്ത്
ഓണസദ്യയെല്ലാം ഒരുക്കിവച്ച്
ഓണക്കൂടിയുമുടുത്ത് നിന്നു
മാവേലി മന്നാനിതാവരുന്നു
ഓണക്കളിയുമായിതാവരുന്നു
പൂപൊലി പൊലി പൂവേ
നല്ലൊരൂണ മല്ലിത് വന്ന് പോണ്

കാർത്തി.സി

# മനുഷ്യൻ ഒരു സാഡിസ്റ്റാകുന്നു

"മനുഷ്യൻ ഒരു സാഡിസ്റ്റാകുന്നു
കുരുടനെ കണ്ണിൽ കുത്തുകയും
ഊമയെ കൊഞ്ഞനം കുത്തി
കാണിക്കുകയും ചെകിടനെ തെറി
പറയുകയും ചെയ്യുന്ന
മനുഷ്യൻ ഒരു സാഡിസ്റ്റാകുന്നു.
വിശക്കുന്നവന്റെ അപ്പം മോഷ്ടിച്ച്
ശ്വാസം കിട്ടാത്തവനെ ചവിട്ടി താഴ്ത്തി
കുട്ടികളുടെ ബാല്യം അമർത്തി ഞെരിച്ചു
മനുഷ്യൻ ഒരു സാഡിസ്റ്റാകുന്നു
വിശക്കുന്നവന്റെ അപ്പം മോഷ്ടിച്ച്
ശ്വാസം കിട്ടാത്തവനെ ചവിട്ടി താഴ്ത്തി
കുട്ടികളുടെ ശൈശവം പിടിച്ചു വാങ്ങുന്ന
മനുഷ്യൻ ഒരു സാഡിസ്റ്റാകുന്നു .
എന്റെ നോവുകളിൽ അമർത്തി രസിക്കുന്ന
എന്റെ സ്വപ്നങ്ങളെ തല്ലികെടുത്തുന്ന
എന്റെ കിനാക്കളെ പേടിപ്പെടുത്തുന്ന
മനുഷ്യൻ ഒരു സാഡിസ്റ്റാകുന്നു ".

# ഇന്നെന്റെ ഭൂമിക്ക് ജീവനില്ല

" നോക്കുവിൻ കൂട്ടരേ
കാണുവിൻ കൂട്ടരേ
ഇന്നെന്റെ ഭൂമിക്കെ ജീവനില്ല
വയലുകൾ നികത്തുന്നു
കുന്നുകൾ ഇടിക്കുന്നു
നദികളെ കൊല്ലുന്നു
ഇതിനെല്ലാം ഉത്തരം
നമ്മളെ കൂട്ടരേ പറയുവിൻ കൂട്ടരേ
നമ്മളെ കൂട്ടരേ പറയുവിൻ കൂട്ടരേ
നീലയാം ആകാശം
വെള്ളിയാം വെള്ളങ്ങൾ
രമണീയതയുടെ നിറമല്ലേ കൂട്ടരേ
അന്നത്തെ നാട്ടം
എങ്ങനെയാണെന്റെ
പ്രിയ കൂട്ടരേ "

**കാർത്തിക.സി**

# ആരാണ് അവകാശി ?....

"പച്ചപ്പുതുവുന്ന
ഭൂമിമാതാവിനോടോന്നു ചോദിക്കുന്നു
നിൻ അവകാശിയാര് ?
മധുരം നകരുന്ന പൂമ്പാറ്റകളോ
അതോ നിനക്കു നിറമേകും പുഷ്പങ്ങളോ
ഭൂമിക്കു ഗീതമേകും പക്ഷികളോ
മഴപെയ്യിക്കും  വൃക്ഷങ്ങളോ
അതോ ഭൂമിയെ കൊല്ലുന്ന
മനുഷ്യർ തന്നെയോ അവകാശികൾ ?..... "

മുബഷിറ പി

# പച്ചവിരിപ്പിട്ട പുൽപ്പാടം

പച്ചവിരിപ്പിട്ട പുൽപ്പാടം
പട്ടിന്റെ വാസിട്ട നെൽപ്പാടം
പക്ഷികൾ പാറി പറക്കുന്നു
പച്ചവിരിപ്പിട്ട വയലിൽ മേൽ
ആകാശം തിങ്ങി നിറയുന്നു
ആഘോഷം എങ്ങും പരക്കുന്നു
നന്മകൾ ഉള്ളൊരു ലോകത്തിൽ
നന്മകളേറെ നിറഞ്ഞതല്ലോ
പച്ചവിരിപ്പിട്ട പുൽപ്പാടം
പട്ടിന്റെ വാസിട്ട നെൽപ്പാടം
ആയിരം ആയിരം വർണങ്ങൾ
അതുല്യമായുള്ള സ്വപ്നങ്ങൾ

**മുബഷിറ പി.**

# യുദ്ധം

വിജയത്തിൽ മാർഗം സൗഹൃദം
യുദ്ധമെന്നും തോൽവിയിൽ
കുതിരകൾ ആനകൾ എല്ലാം കൂടെ
ലഹളതൻ ഉത്സവമാണ് യുദ്ധം
മരണം വരിക്കുന്ന  വീരമൃത്യു
ജയമെന്നതപ്പോഴും  വേരിൽമാത്രം
മരണമായാൽ വീരമൃത്യു
വിജയമെന്നിൽ രാജ്യവും
സൈന്യമെല്ലാം അണിനിരന്ന്
വീരമൃത്യു  വേകുന്ന
ഓർക്കുക പലപ്പോഴും
തകർന്ന് പോകുന്നത്
നിഞ്ഞുടെ കുളം തന്നെ
നശിച്ചു തീരുന്നത്
മാനവ വംശം തന്നെ

മുബഷിറ പി

# "അമ്മ വിളക്ക്"

"നന്മതൻ നിറകുടമാണെന്നമ്മ
ആനന്ദ സംയുജ്യമാണെന്നമ്മ
സ്നേഹത്തിൻ  അക്ഷയ പാത്രമാണെന്നമ്മ
അമ്മതൻ  കൈ പിടിച്ച്
വച്ചതാണെൻ  കുഞ്ഞുപാദവും
അമ്മതൻ  ചുട്ടുനെഞ്ചിൽ
നിദ്രയിലാഴ്ന്നതും
ആ നിറവിൽ  ഞാനന്ന്
മുങ്ങികുളിച്ചതും
മായില്ലൊരിക്കലും മറക്കില്ലൊരിക്കലും
എൻ കുഞ്ഞു ചുണ്ടുകൾ
ഇന്നാദ്യമായ്  ചൊല്ലിയദാമ്മയെന്ന്
ആ  മൃത്യു  ചുംബനം ഏറി പാടെ
ആനന്ദ നിർവൃതി ഞാനറിഞ്ഞു
അണയാത്ത നിലവിളക്കാനെന്നമ്മ
അറിവിന്റെ കൈത്തിരി നീട്ടിയമ്മ
ചൊരിയും പ്രകാശമായ്  മാറിയമ്മ ".

മാളവിക  എ .എസ്

# മഴ നനഞ്ഞൊരെൻ ബാല്യം

ജീവിതം മൊട്ടിട്ടുയർന്നു
പെരുകുമോരോ മഴക്കും പിന്നെ
എവിടെയോ പോയൊളിക്കും
കാശിത്തുമ്പകൾ അല്ലോ നമ്മൾ
മഴ വരുന്നേരമാർത്തു വിളിച്ചത്
നനഞ്ഞൊരെൻ ബാല്യം
ഒക്കെ കണ്ടൊരു ചിരിയാർന്നു
നിക്കുമെന്ന്
തേൻമാവ് മുത്തശ്ശി പഴങ്ങളാൽ എന്നെ
ഒരുപാട്ടു സല്ക്കരിച്ചിരുന്നു

മാളവിക എ.എസ്

# കേരളം

കേരളമേ നല്ല മഴ വന്ന സമയത്തു

ചാറ്റൽ മഴയുടെ കാറ്റു വീശിയ നേരത്തും

കേരളമേ നീ ഉണരു

നാളികേരത്തിൻറെ വീട്ടിൽ

ഈ കൈകൾ നിറയെ നാളികേരം തരുമോ·······

സഞ്ചാരിയായി ഞാൻ സഞ്ചരിക്കുബോൾ

സഞ്ചിനിറയെ കേരളത്തിൻറെ ഓർമ്മകൾ തരുമോ······

എന്റെ ബാല്യകാല ഭാവിക്കായി

വീണ്ടും വീണ്ടും നീ തരുമോ എൻ ഭാവനയാകുന്ന ഓർമക്കായി

ഓർമകളിൽ മാത്രം നിറഞ്ഞു നിൽക്കുന്ന എന്റെ നാളികേരത്തിൻറെ

കൈരളിയെ

ഏഴുകടലുകൾക്കകലെ നിന്നും ഒരുപിടി നല്ല ഓർമ്മകൾ തെരാൻ

ഒരു ചന്ദ്രമാസം മാത്രം മതിയാവില്ല എങ്കിൽ ?

ഒരു ചന്ദ്ര ദിവസം  മാത്രമേ മതിയാവൂ

കേരളമേ ഒന്ന് നിന്നെ ചുംബിക്കാൻ ഒന്ന് തൊട്ടുവാൻ

ആ പ്രകൃതി  ഭംഗി  അൽപ്പനേരം ആസ്വാദിക്കാൻ

ചേർന്നിരുന്നു ഒന്നുഉരിയാടാൻ ഒന്ന് രുചിക്കുവാൻ …

അടുത്ത കൊല്ലം വരും വരെ എൻ മോഹങ്ങളെ …..

ഞാൻ നിന്നെ ഇവിടെ ഉപേക്ഷിക്കുന്നു

വിരഹവേദനയോടെ  നിന്നോടുള്ള പ്രണയം •

ഷിമ

# ചന്ദ്രനെ പ്രണയിച്ച ചക്രവർത്തി

"ചന്ദ്രിക ചർച്ചിതമായ
വസന്ത രാവുകളിൽ നിന്നെയും
ധ്യാനിച്ചിരിക്കുന്ന പാവം
ചക്ര വാകിയെ തിരിഞ്ഞൊന്നു
നോക്കാതെ ... അകലെ
ചക്ര വാളത്തിന്റെ ഏത്
സീമയിലേക്കൊന്ന് ധൃതിയിൽ നീ പോയത്
പൗർണമി ചന്ദ്രിക നിന്നെ
നോക്കി നെടുവീർപ്പ തീർക്കുമിവളെ
നിഷ്കരുണം തള്ളിക്കളഞ്ഞപ്പോൾ
ഏത് ലോകത്തിന് വാതായനങ്ങളാണ്
നിന്റെ മുന്നിൽ തുറന്നത്".

മാളവിക എ .എസ്

# ആത്മകഥ

1989 June 1-ാം തിയതി ഞാൻ HST Urdu പോസ്റ്റിൽ സെൻറ് ജോൺസ് എച്ച്.എസ്സിൽ നിയമിതയായി.അന്ന് ഈ സ്കൂൾ MLKAMHS എന്ന പേരിൽ ആയിരുന്നു.വളരെ സന്തോഷത്തോടെയും അഭിമാനത്തോടെയും പരസ്പരസഹായ സഹകരണങ്ങളോടുമുള്ള നാളുകൾ. ഉറുദു പഠിക്കുന്ന കുട്ടികളുടെ സ്നേഹം. ,അധ്യാപക സുഹൃത്തുക്കളുടെ വാത്സല്യം, നാട്ടുകാരുടെ കരുതൽ എല്ലാംകൊണ്ടും ആനന്ദത്തിലാടി യുള്ള ജീവിത കാലം

കാളിയാറോഡ് എന്ന സുപ്രസിദ്ധ പുണ്യഭൂമിയിൽ വിഖ്യാതമായ ഒരു പള്ളിയുണ്ട് ഉണ്ട്. ഞാൻ അതിൽ പല തവണ പോയിട്ടുണ്ട്. അവിടെ മത പഠന ക്ലാസ്സുകളും, താമസസൗകര്യവും ഉണ്ട്. അവിടുത്തെ കുട്ടികളെല്ലാം ഉറുദു ഭാഷയെയും എന്നെയും,ഇഷ്ടപ്പെടുന്നവരാണ് എല്ലാവർഷവും അവിടെ പുതിയ കുട്ടികളും അവരുടെ ഉസ്താദും വരാറുണ്ട്. അവിടുത്തെ മിക്ക ഉസ്താദ്മാരുമായും ഞാൻ സൗഹൃദബന്ധം പുലർത്താറുണ്ട്. ഇന്നും അവിടെ നിന്നും പഠിച്ചുപോയ മക്കൾ എന്നെ വിളിക്കാറുണ്ട് .

ഞാനൊരു പുരാതന നായർ തറവാട്ടിലെ അംഗമാണ്. എൻറെ വീട്ടിലെ പന്ത്രണ്ടാമത്തെ അധ്യാപികയാണ് ഞാൻ. ഞങ്ങൾ കൂട്ടുകുടുംബമാണ് .അതിനാൽ പരസ്പര സ്നേഹബന്ധത്തിന് ഒരു പിശുക്കും കാണിക്കാറില്ലായിരുന്നു.

2010 ജൂലൈ മാസത്തിലാണ് അത് സംഭവിച്ചത്. ഒരു ദിവസം ഇടവേള സമയത്ത് എനിക്കൊരു ഫോൺ വന്നു. കാളിയാറോഡ് പുതിയതായി വന്ന ഉസ്താദിൻറെ ഫോൺ ആയിരുന്നു അത് .അസ്സലാമു അലൈക്കും എന്ന് അങ്ങേ തലക്കൽശബ്ദം ഉയർന്നപ്പോൾ വാ അലൈയ്ക്കും ഇസ്ലാം എന്ന മറുപടി ഞാൻ നൽകി. ഉടൻ തന്നെ മറ്റു

തലയിൽ കർക്കശസ്വരം ഉയരാൻ തുടങ്ങി .ഇത്തരത്തിൽ പതിവില്ലാത്തതിനാൽ ഞാൻ ഒന്ന് പേടിച്ചു .ടീച്ചർ ഏതു മതത്തിൽ പെട്ട ആളാണ് എന്ന് ചോദിച്ചു. ഞാൻ അതിനു മറുപടിയായി മനുഷ്യമതത്തിൽ പെട്ട ആളാണ് എന്ന് പറഞ്ഞു പക്ഷേ മറുതലക്കൽ ശബ്ദത്തിന് പരുഷതയേറി. എൻറെ കുട്ടികളെ 'ഒരു ഹിന്ദു ടീച്ചർ' പഠിപ്പിക്കുന്നതിൽ എനിക്ക് താല്പര്യമില്ല എന്ന് പറഞ്ഞു. ഞാനുടനെ അദ്ദേഹത്തെ സ്കൂളിലേക്ക് ക്ഷണിച്ചു.നമുക്ക് നേരിട്ട് സംസാരിക്കാം ,സ്കൂളിൽ വരൂ എന്നു പറഞ്ഞ് ഫോൺ വച്ചു. പിറ്റേ ദിവസം പതിവുപോലെ കുട്ടികൾ സ്കൂളിൽ വന്നു.കുട്ടികളുടെ മുഖത്ത് വിഷാദഭാവം ആയിരുന്നു. കാരണം എന്തെന്ന് അറിയാമായിരുന്ന ഞാൻ അതേപ്പറ്റി അവരോട് അന്വേഷിച്ചില്ല. 11 45 ന് ഉസ്താദ് സ്കൂളിലെത്തി .ഹെഡ്മിസ്ട്രസ് ജാനകി ടീച്ചർ എന്നെ ഓഫീസിൽ വിളിപ്പിച്ചു. എന്നെ കണ്ടതും ഉസ്താദ് എന്നോട് ചോദിച്ചു 'ടീച്ചർ എങ്ങനെ ഉറുദു പഠിച്ചു'. 'ഉറുദു മുസ്ലിം മത വിഭാഗക്കാർ പഠിക്കേണ്ട ഭാഷയല്ലേ' എന്ന്. ഞാൻ പറഞ്ഞു അല്ല, ഉറുദു ഒരു മത ഭാഷയല്ല .ഭാഷയെ സ്നേഹിക്കുന്ന ആരാധിക്കുന്ന ആർക്കും ഉറുദു ഭാഷ പഠിക്കാമെന്നും പഠിക്കാമെന്നും ഞാ.ൻ പറഞ്ഞു. ഉടനെ അദ്ദേഹം പറഞ്ഞു. ചന്ദനകുറി തൊട്ട ഒരു ടീച്ചർ എൻറെ മക്കളെ ഉറുദു പഠിപ്പിക്കുന്നതിൽ താല്പര്യമില്ലെന്ന്. ഇതുകേട്ട് ഞാൻ ദൈവത്തെ മനസ്സിൽ |ധ്യാനിച്ച് എൻറെ നെറ്റിയിലെ പരിശുദ്ധ ചന്ദനക്കുറി മായ്ച്ചുകളഞ്ഞു.എന്നിട്ട് ഞാൻ പറഞ്ഞു .അങ്ങേക്ക് എൻറെ ചന്ദനമാണ് പ്രശ്നമെങ്കിൽ അത് പോകട്ടെ. പക്ഷെ അദ്ദേഹത്തിന് എന്നെയും എൻറെ പേരും ഒന്നുതന്നെ ഇഷ്ടപ്പെട്ടില്ല കുട്ടികളെ പഠിപ്പിക്കുന്നതിൽ താൽപര്യപ്പെടുന്നില്ല എന്ന് പറഞ്ഞ് അദ്ദേഹം പോയി.

പിന്നീട് സ്റ്റാഫ് റൂമിൽ ഇതൊരു ചർച്ചാ വിഷയമായി .അന്നത്തെ ഞങ്ങളുടെ പിടിഎ പ്രസിഡണ്ട് ബീരാൻസാഹിബ് ആയിരുന്നു അദ്ദേഹത്തിൻറെ നാല് മക്കളെയും ഞാൻ ഉറുദു പഠിപ്പിച്ചിരുന്നു.HM അദ്ദേഹത്തെ വിളിപ്പിച്ചു. എല്ലാവരും ചേർന്ന് ഒരു വലിയ

തീരുമാനമെടുത്തു.നമ്മുടെ നാട്ടിൽ ദുഷ്ട ചിന്തയുള്ള ഒരു മതാധ്യാപകനെആവശ്യമില്ല. നമുക്ക് അദ്ദേഹത്തെ ട്രാൻസ്ഫർ നൽകി പറഞ്ഞു വിടാം എന്ന്. അന്നുതന്നെ കാളിയാറോഡ് പള്ളി കമ്മിറ്റി മീറ്റിംഗ് നടത്തി ആ ഉസ്താദിനെ പറഞ്ഞുവിട്ടു.ഒപ്പം ആ കുട്ടികളും സ്കൂളിൽ നിന്ന് TC വാങ്ങി പോയി .എങ്കിലും എൻറെ പോസ്റ്റ് നില നിൽക്കാനുള്ള കുട്ടികൾ ഈ സ്കൂളിൽ അവശേഷിച്ചിരുന്നു. ആ സംഭവത്തോടെ ഞാൻ മതസൗഹാർദ ത്തിൻറെ മഹത്വം അനുഭവിച്ചറിഞ്ഞു. ഇതെൻറെ ജീവിതത്തിലെ മറക്കാനാവാത്ത സംഭവമായിരുന്നു.

ഞാൻ ചാവക്കാട് ഇക്ബാൽ ഉറുദു കോളേജിൽ ഉറുദു പഠിച്ചിരുന്ന കാലത്ത് എൻറെ നാട്ടുകാർ പ്രതിഷേധവുമായി വീട്ടിൽ വന്നിരുന്നു .എന്തിന് ഈ കുട്ടിയെ ഉറുദു പഠിപ്പിക്കുന്നു എന്ന് ചോദിച്ചു. എൻറെ എല്ലാമെല്ലാമായ വളർത്തമ്മയുടെ മുന്നിലും ഒരു എഡ്യൂക്കേറ്റഡ് ഫാമിലിയുടെ മുന്നിലും ആ ചോദ്യത്തിന് പ്രസക്തി ഉണ്ടായില്ല. 'നാരായം' സിനിമ കൊടികുത്തി വാണിരുന്ന സമയമായിരുന്നു അത്.'അംബിക അന്തർജനം' അറബി പഠിച്ച് അറബി അധ്യാപികയായ കാലം.രണ്ടു വർഷം മുമ്പ് അവർ അറബിഅധ്യാപികയായി തന്നെ സേവനത്തിൽ നിന്നും വിരമിച്ചു. ഞാനും ഉറും അധ്യാപികയായി തന്നെ 2020 മെയ് മാസത്തിൽ വരമിക്കും.

കെ.ഉഷ
എച്ച്.എസ്.ടി ഉറുദു
സെന്റ് ജോൺസ് ഹൈസ്കൂൾ എളനാട്

# തിരിച്ചറിവ്

മാലിദ്വീപിൽ പത്തുവർഷക്കാലം അധ്യാപകനായി ജോലി ചെയ്തപ്പോൾ ഉണ്ടായ ഒരു അനുഭവം പങ്കുവയ്ക്കട്ടെ .

ലോകത്തിലെ ഏറ്റവും മനോഹരമായ രാജ്യങ്ങളിലൊന്നാണ് മാലിദ്വീപ്. ഇന്ത്യൻ മഹാസമുദ്രത്തിൽ പടർന്നുകിടക്കുന്ന 1190 കൊച്ചു പവിഴപ്പുറ്റ് ദ്വീപുകൾ ഉണ്ട് .ഓരോ ദ്വീപിനും അതിൻറെതായ സ്വത്വം അവ തമ്മിൽ ഒരു അന്തർധാര ദൃശ്യമാണ്.ഞാൻ അവിടത്തെ ദൃശ്യഭംഗി കണ്ടു അതിശയിപ്പിച്ചിട്ടുണ്ട്.
ഭാഷ പുരാതന സിംഹള ഭാഷയമായി ബന്ധപ്പെട്ടുള്ള ദിവേഗിയാണ്.പ്രധാന തൊഴിൽ മത്സ്യബന്ധനമാണ്.ഒന്നോ രണ്ടോ ചതുരശ്രകിലോമീറ്ററാണ് ഓരോ ഓരോ ചെറു ദിലീപിന്റെയും വിസ്തീർണ്ണം. കുന്നുകളോ,നദികളോ ,നെൽപ്പാടങ്ങളോ മാലിദ്വീപിൽ ഇല്ല. മഴവെള്ളമാണ് പരമ്പരാഗതമായി കുടിവെള്ളത്തിന് ഉപയോഗിക്കുന്നത്. ചൂരമീൻ അവരുടെ ഭക്ഷണത്തിൻറെ അവിഭാജ്യഘടകമാണ് ആണ്. ഏത് പലഹാരം ആയാലും അതിൽ മീനിൻറെ സ്വാധീനം ഉണ്ടാകാറുണ്ട്. അവിടത്തെ കറൻസി റുഫിയ ആണ് ഏകദേശം ഒരു റുഫിയ = നാലു രൂപ

ബലാലേ ബലാലേ ഇങ്ങോട്ട് നോക്കൂ.... മാലിദ്വീപിലെ വടക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്ന Neykurendhoo എന്ന മനോഹരമായ ദ്വീപിലാണ് എന്നെ നിയമിച്ചത്.cambridge University Syllabus ആണ് പഠിപ്പിക്കേണ്ടത്. Medium of

language english ആയതിനാൽ അധികം ബുധിമുട്ട് ഉണ്ടായിരുന്നില്ല. പക്ഷേ കടകളിലും പരിസരവാസികളോടും സംസാരിക്കേണ്ടി വരുന്നതിനാൽ ദിവേഹി ഭാഷ പഠിക്കേണ്ടി വന്നു. അങ്ങനെ ഞാൻ പഠിപ്പിക്കുന്ന സ്കൂളിൽ എൻറെ ക്ലാസിൽ പഠിക്കുന്ന പഠിക്കാൻ മിടുക്കനല്ലാതിരുന്ന ഒരു വിദ്യാർത്ഥിയാണ് അലി ഷിഫാവു .ക്ലാസ്സിലെ മറ്റു കുട്ടികൾ ഒരുവിധം പഠിക്കുന്ന സ്വഭാവക്കാരായിരുന്നു. ഒരിദ്രമായ ഒരു കുടുംബത്തിലെ പന്ത്രണ്ടാമത്തെ കുട്ടിയായിരുന്നു അലി .മറ്റുള്ള ടീച്ചർമാരുടെ ഒരു നോട്ടപ്പുള്ളിയും ഏവരുടെയും പരിഹാസ പാത്രവുമായിരുന്നഅവനെ കണ്ടപ്പോൾ അപ്പോൾ എനിക്ക് വിഷമം തോന്നി. ഒരു പക്ഷേ ഒരു വിദ്യാർത്ഥിയുടെ ജീവിതസാഹചര്യം ആയിരിക്കാം അങ്ങനെയാവാൻ കാരണമായെന്ന് ഞാൻ തിരിച്ചറിഞ്ഞു. അങ്ങനെ ഞാൻ കൂടുതൽ അവനെ ശ്രദ്ധിക്കാൻ തുടങ്ങി. പലപ്പോഴും വിശപ്പിൻറെ വിളിമൂലം ക്ലാസ്സിൽ ഉറങ്ങുന്ന ഒരു കുട്ടിയാണ് അവൻ.പല ദിവസവും അച്ഛനെ മീൻ പിടുത്തത്തിൽ സഹായിക്കാൻ പോകുന്നതുകൊണ്ട് ക്ലാസ്സിൽ ശ്രദ്ധിക്കുവാൻ അവന് കഴിഞ്ഞിരുന്നില്ല.

അലിയെ കുറിച്ച് കൂടുതൽ അറിയാനായി ഒരുദിവസം അവൻറെ കുടുംബത്തിൽ പോകാൻ തീരുമാനിച്ചു .അപ്പോൾ കണ്ട കാഴ്ച എന്നെ വളരെയേറെ ഏറെ വേദനിപ്പിച്ചു. ഉടുതുണിക്ക് മറുതുണിയില്ലാത്ത ദാരിദ്ര്യത്തിന്റെ അവസ്ഥയിലും അവരുടെ സ്നേഹത്തിനു മുൻപിൽ ഞാൻ പകച്ചു പോയി പോയി. വീട്ടിലൊരു പലഹാരം ഉണ്ടാക്കിയാലും 12 ഭാഗമായി ഭാഗിച്ച് പരസ്പരം സ്നേഹത്തോടെ പങ്കുവയ്ക്കുന്ന ഒരു അനുഭവം അത് എന്നെ വല്ലാതെ ആകർഷിച്ചു.

ഒരു മുക്കവൻ ആയ അവൻറെ അച്ഛൻ യൂസഫ് മീൻ പിടിക്കാൻ പോയാൽ അഞ്ചാറു ദിവസം കഴിഞ്ഞാണ് ആണ് വീട്ടിൽ വീട്ടിൽ തിരിച്ചെത്തുന്നത് .ആ സമയം അവനെ നോക്കിയിരുന്നത് അവൻറെ സ്നേഹനിധിയായ അമ്മയാണ്. ചെറിയ രണ്ട് മുറികളും ഒരു വരാന്തയും ഓലകൊണ്ട് മറച്ചുണ്ടാക്കിയ ഒരു ചെറിയ അടുക്കളയും ആണ് അവൻൻറെ ലോകം.രണ്ടു വയസ്സിൻറെ വ്യത്യാസത്തിൽ ഇതിൽ 12 മക്കളും ഒന്നിച്ച് ആ വീട്ടിൽ കഴിയുന്നത് ഒരു അതിശയമായി തോന്നി. എങ്കിലും അവർക്ക് ഒരു പരിഭവവും പരാതിയും ഉണ്ടായിരുന്നില്ല.അവൻറെ അമ്മയ്ക്ക് 'താൻ സീമിയ' എന്ന മാരകമായ അസുഖം പിടിപെട്ടിരുന്നു. വളരെ തളർന്ന കുടുംബം ഈ കാരണങ്ങൾ കൊണ്ടാകും അലി പഠനത്തിൽ അതിൽ ശ്രദ്ധിക്കാതെ ഇരുന്നത് എന്ന് ഞാൻ തിരിച്ചറിഞ്ഞു .അങ്ങനെ നാളുകൾ പലതും കഴിഞ്ഞു അലി എന്ന വിദ്യാർഥിയെ ഞാൻ തിരിച്ചറിഞ്ഞു .വളരെ സ്നേഹത്തോടെ ഞാൻ പെരുമാറി കുറച്ചു കഴിഞ്ഞപ്പോഴാണ് ഞാൻ അവനിലെ കലാകാരനെ തിരിച്ചറിഞ്ഞത് .വളരെ മനോഹരമായ ചിത്രങ്ങൾ വരയ്ക്കാൻ കഴിവുള്ള മിടുക്കനായിരുന്നു അവൻ .വരച്ച ചിത്രങ്ങൾ അവൻ എന്നെയും കാണിച്ചു .ജീവൻ തോന്നിക്കുന്ന ഓരോ വരകളും എന്നെ അതിശയിപ്പിച്ചു. അങ്ങനെ അവനു വരക്കാൻ ആവശ്യമായ എല്ലാ സാധന സാമഗ്രഹികളും എല്ലാം വാങ്ങി കൊടുത്തു. മാസങ്ങൾക്ക് ശേഷം ആ സ്കൂളിലെ ഏറ്റവും മനോഹരമായി ചിത്രങ്ങൾ വരയ്ക്കുന്ന അലി ഷിഫാവു എന്ന വിദ്യാർത്ഥിയെ അധ്യാപകരും തിരിച്ചറിഞ്ഞു. ടീച്ചിങ് എയ്ഡ് ആയി ഉപയോഗിക്കുന്ന ഇന്ന് പല ചിത്രങ്ങളും അവനെക്കൊണ്ട് വരയ്ക്കാൻ എല്ലാ അധ്യാപകരും മത്സരിച്ചു. ഇപ്പോൾ മാലിദ്വീപിലെ അറിയപ്പെടുന്ന ഒരു ചിത്രകാരനായി അവൻ മാറി

കൂടാതെ റി സോർട്ട്കളിൽ ഓയിൽ പെയ്ന്റിങ്ങ് ചെയ്തും വിദേശികളെ ആകർഷിക്കുന്ന ചിത്രങ്ങൾ വരച്ചും ഇന്ന് നല്ല നിലയിൽ വരുമാനം കണ്ടെത്തുന്നു. ഇന്നും ഞാൻ അവനുമായി സോഷ്യൽ മീഡിയയിലൂടെ ബന്ധം തുടരുന്നു ..വർഷങ്ങൾ പലതു കഴിഞ്ഞെങ്കിലും ഓർമയുടെ തീരങ്ങളിൽ എന്നെന്നും എന്നെ തഴുകി വരുന്ന അവന്റെ ജീവനുള്ള ചിത്രങ്ങൾ മഴവില്ലിൻ റെ ഏഴ് അഴകാണ്

വിദ്യാഭ്യാസത്തെ കുറിച്ച് ഗാന്ധിജി പറഞ്ഞ വാക്കുകൾ ഞാനോർക്കുകയാണ്. വിദ്യാഭ്യാസം എന്നാൽ നമ്മളിൽ ഒളിഞ്ഞിരിക്കുന്ന കഴിവുകളെ രംഗത്ത് കൊണ്ടുവന്ന് പരിപോഷിപ്പിക്കലാണ്. അധ്യാപനം എന്നാൽ കുട്ടികളെ അടുത്തറിയാനും അവരുടെ അഭിരുചികൾ തിരിച്ചറിയാനും കഴിയണം .കുട്ടികളുടെ കുറവുകളെ കണ്ടെത്താതെ അവരുടെ കഴിവുകളെ വളർത്തി സമൂഹത്തിനു മുൻപിൽ കൊണ്ടുവരാനും അവരിലെ നന്മയെ തിരിച്ചറിയാനും നമുക്ക് കഴിയണം .ഓരോ സാമൂഹിക ചലനത്തിൻറെയും പിന്നിൽ ദൃശ്യമായോ അദൃശ്യമായോ ഒരു അധ്യാപകൻ ഉണ്ടാകണം. ഒരു ഡോക്ടർക്ക് വീഴ്ച വന്നാൽ രോഗി മരിച്ചേക്കാം ഒരു എൻജിനീയർക്ക് വീഴ്ച പറ്റിയാൽ ഒരു പാലമോ കെട്ടിടമോ തകർന്ന് കുറച്ചു പേർ മരിച്ചേക്കാം .എന്നാൽ ഒരു അധ്യാപകന് പിഴവ് വന്നാൽ എന്നാൽ ഒരു തലമുറയാണ് നശിക്കുന്നത് എന്ന തിരിച്ചറിവ് നാം ഓരോരുത്തർക്കും ഉണ്ടാകണം. അധ്യാപകൻ ശില്പിയാണ് തലമുറകളെ വാർത്തെടുക്കുന്നശില്പി. ഓരോ അധ്യാപകനും ആചാര്യൻ ,ഗുരു ടീച്ചർ, ഫെസിലിറ്റേറ്റർ ഫിലോസഫർ, ഗൈഡ് എന്നിങ്ങനെ വിവിധ കാലഘട്ടങ്ങളിൽ വ്യത്യസ്ത പേരുകളിൽ വിളിച്ചാലും എന്നും പൊതു മനസ്സിൽ സ്വീകാര്യനും

ആദരണീയന്മമായി നിലകൊള്ളാൻ കഴിയണം എന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാകട്ടെ .അതിനായി നമുക്ക് പരിശ്രമിക്കാം

BINU VARGHESE
HST Social Science.
St. Johns HS Elanad

# പ്രപഞ്ചം

ഈ പ്രപഞ്ചത്തിന്റെ ഓരോ അംശവും സൗന്ദര്യത്തിന്റെ ബിന്ദുക്കളാണ്. അഴകെഴുന്ന മഴവില്ലുപൊട്ടിച്ചിരിക്കുന്ന നക്ഷത്രങ്ങളും വെള്ളത്തോണി പോലെ നീലാകാശത്തിലൂടെ ഇഴഞ്ഞു നീങ്ങുന്ന വെൺ മേഘങ്ങളും വിടർന്ന വെള്ളാമ്പൽ പോലെ ഉദിച്ചുയരുന്ന പഞ്ചമി ചന്ദ്രനും പ്രകൃതിയുടെ ലാവണ്യത്തിൽ മാറ്റ് കൂട്ടുന്ന മേഘമാലകളെ ശിരസ്സിലണിഞ്ഞു കൊണ്ട് ശാന്ത ഗംഭീരമായി നില കൊള്ളുന്ന പർവ്വതങ്ങളും അവയിൽനിന്നും പൊട്ടിയൊഴുകി പാറക്കെട്ടുകളുമായി നർമ്മ സല്ലാപം നടത്തി കിണുങ്ങി പോകുന്ന കാട്ടാറുകളും നമ്മുടെ സൗന്ദര്യ ബോധത്തെ ഉണർത്താറുണ്ട് മഞ്ഞണിഞ്ഞ മാമലകളും മലർ ചൂടിയ മലനിരകളും പെയ്തുകുളിച്ചു പറക്കുന്ന പറവകളും ആരെയാണ് ആനന്ദിപ്പിക്കാത്തത് മണ്ണിനെ പൊന്നിൽ കുളിപ്പിച്ചുകൊണ്ട് വന്നെത്തുന്ന പുലരിയും എങ്ങുമെങ്ങും ചെമ്പനിനീർ പൂക്കൾ വാരി വിതറി പോകുന്ന സന്ധ്യയും പാരാകെ പാലാഴിയാക്കി മാറ്റുന്ന പൂവെണ്ണിലാവും ആരെയും പുളകം കൊള്ളിക്കുകതന്നെ ചെയ്യും .

അർജ്ജുൻ

# *നന്ദി*

*ഈ സംരംഭത്തിന് സഹായ സഹകരണങ്ങൾ*

*നൽകിയ എല്ലാ സുമനസ്സുകൾക്കും,*

സൃഷ്ടികൾ നല്കുകയും നിറം നൽകുകയും ചെയ്ത

എല്ലാ അഭ്യുദയകാംക്ഷികൾക്കും നന്ദി.